www.veekshanam.com 1188 തുലാം 28 • തിരുവനന്തപുരം • പേജ് 12+4 • വില: 3.50 രൂപ

# പ്രതീക്ഷയുടെ പച്ചത്തുരുത്തായി ജനനായകൻ

■ സ്വന്തം ലേഖകൻ

കോഴിക്കോട്: പരാതികളും ആവലാതികളും കെട്ടഴിക്കാൻ ഒരിടം; പ്രതീക്ഷാനിർഭരമായ മറുപടി; ചിലത് അതിവേഗത്തിൽ തീർപ്പാക്കി; ബാക്കിയുള്ളവ പെട്ടന്ന് പരിഹരിക്കാൻ കർശന നിർദ്ദേശം നൽകി.

സാന്ത്വനത്തിന്റെയും പ്രതീക്ഷയുടെയും പച്ചത്തുരുത്തായി ഉമ്മൻചാണ്ടി സാമൂതിരിയുടെ മണ്ണിൽ പുതിയ ചരിത്രമെഴുതി.

മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനവേദിയായ മലബാർ ക്രിസ്ത്യൻ കോളജ് അങ്കണം ഇന്നലെ അക്ഷരാർത്ഥത്തിൽ വീർപ്പുമുട്ടി. പണിമുടക്കും പ്രതികൂലകാലാവസ്ഥയും അവഗണിച്ച് ഉമ്മൻചാണ്ടിയെ കാണാൻ പുരുഷാരം പ്രവഹിച്ചു. രാവിലെ പത്തിന് ആരംഭിച്ച പരിപാടിയിൽ ഓരോ പരാതിക്കാരനെയും പ്രത്യേകം കാണാനും പ്രശ്നങ്ങൾ കേൾക്കാനും മുഖ്യമന്ത്രി തയ്യാറായി. പത്തുമണിക്കൂറിലേറെ നീണ്ട പരാതി പരിഹാരം അവിശ്രമം തുടർന്ന് രാത്രി വൈകും വരെ നീണ്ടു. മുഖ്യമന്ത്രിയുടെ 'സ്പീഡി'നൊപ്പം ഓടിയെത്താൻ ഉദ്യോഗസ്ഥർ നന്നേ പണിപ്പെട്ടു. നിയമത്തിന്റെ നൂലാമാലകളിൽ കുരുങ്ങിക്കിടന്ന പ്രശ്നങ്ങൾ എത്രവേഗത്തിൽ പരിഹരിക്കാമെന്ന് ഉമ്മൻചാണ്ടി ഉദ്യോഗസ്ഥർക്ക് തെളിയിച്ചുകൊടുത്തു.



കോഴിക്കോട് നടന്ന ജനസമ്പർക്ക പരിപാടിയിൽ ജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കുന്ന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി

## മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിക്ക് കോഴിക്കോട്ട് ഉജ്ജ്വല തുടക്കം

ഒരു പകൽ മുഴുവൻ വിശ്രമമില്ലാതെ ഒപ്പംനിന്ന മുഖ്യമന്ത്രിയെ കാണാൻ ഊഴം കാത്ത് സ്ത്രീകളും രോഗികളുമുൾപ്പെടെ ആബാലവൃദ്ധം ജനസഞ്ചയം നിന്നു. കാലങ്ങളായി വലിഞ്ഞുമുറുകിയ ചുവപ്പുനാടകൾ പൊട്ടുന്നതുകണ്ട് പലർക്കും വിസ്മയം; ഭരണകർത്താവ് നേരിട്ട് തങ്ങൾക്കിടയിലേക്ക് ഇറങ്ങിവന്നപ്പോൾ ഭരണകൂടത്തിന്റെ ഇച്ഛാശക്തിയും ദിശാബോധവും ജനം തിരിച്ചറിഞ്ഞു. മുഖ്യമന്ത്രിയായാൽ ഇങ്ങനെ വേണമെന്ന് അവർ ഒരേസ്വരത്തിൽ പറഞ്ഞു. ഈ ആവേശവും സ്നേഹവും പിന്തുണയും തനിക്ക് കൂടുതൽ ഊർജം നൽകുമെന്ന് ഉമ്മൻചാണ്ടിയുടെ പ്രതികരണം.

യു ഡി എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടക്കുന്ന ആദ്യത്തെ ജനസമ്പർക്ക പരിപാടിക്കാണ് കോഴിക്കോട് ആതിഥ്യമരുളിയത്. എണ്ണായിരത്തിലേറെ പരാതികളും വിവിധ വകുപ്പുകളിൽ പരിഹരിക്കാതെ കെട്ടിക്കിടക്കുന്ന രണ്ടായിരത്തിലധികം പരാതികളുമാണ് മുഖ്യമന്ത്രിയുടെ മുമ്പിലെത്തിയത്. വേദിയിലെത്തി തന്നെ കാണാൻ കഴിയാതെവന്ന ശയ്യാവലംബികളായ രോഗികളെ മുഖ്യമന്ത്രി താഴെ ഇറങ്ങിവന്നു കണ്ടു. രാത്രി എട്ടുമണിവരെ 26,82,500 രൂപയാണ് ചികിത്സാ ധനസഹായമായി തത്സമയം കൈമാറിയത്.

മുൻ ജനസമ്പർക്ക പരിപാടികളിൽനിന്ന് വ്യത്യസ്തമായി ജില്ലയിലെ 108 വില്ലേജ് ഓഫീസുകളിലും മുഖ്യമന്ത്രിക്കുള്ള പരാതികളും അപേക്ഷകളും സ്വീകരിച്ചിരുന്നു. ഏഴു കൗണ്ടറുകളായി തിരിച്ചാണ് പരാതികൾക്ക് പരിഹാരം കാണാൻ ശ്രമിച്ചത്. പട്ടയവിതരണമുൾപ്പെടെയുള്ള സഹായങ്ങൾ കൈമാറാനും അദ്ദേഹം സമയം കണ്ടെത്തി.

പണിമുടക്കായിട്ടും ഉമ്മൻചാണ്ടിയുടെ പരിപാടിയിലെ ജനബാഹുല്യം മറ്റുജില്ലകളിലെ ജനസമ്പർക്ക പരിപാടികൾ കൂടുതൽ ഉജ്ജ്വലമാകുമെന്നതിന്റെ സൂചനയായി. ആരെയും നിരാശപ്പെടുത്താതെ, തിരിച്ചയക്കാൻ സാധിച്ചതിലുള്ള ചാരിതാർത്ഥ്യത്തോടെയാണ് നിശ്ചയിച്ച സമയത്തിലും മണിക്കൂറുകൾ പിന്നിട്ട് രാത്രിവൈകി ജനനായകൻ വേദിവിട്ടത്.